# മുല്ലപ്പെരിയാർ – രോഗം മൂർച്ഛിപ്പിക്കുന്ന ചികിത്സ വേണ്ട

സി. ആർ. നീലകണ്ഠൻ

**മുല്ലപ്പെരിയാർ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞപ്പോൾ എല്ലാവരും ഐക്യത്തോടെ അംഗീകരിച്ച പകരം ഡാം എത്രമാത്രം അപകടകരമാണെന്ന് വിവേകത്തോടെ ചോദിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും സകല മാധ്യമ പിന്തുണയോടെ ജനങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തി മറ്റൊരു ഡാമിനെ അനുവദിക്കുന്നത് ശരിയോ?**

ബ്രിട്ടീഷ് മേലാളന്മാരുടെ കടുത്ത സമ്മർദ്ദത്തിനു വഴങ്ങേണ്ടി വന്നതിനാലാണ് മുല്ലപ്പെരിയാറിൽ അണകെട്ടി തമിഴ്നാടിന് ജലസേചനത്തിന് വെള്ളം നൽകാനുള്ള പദ്ധതിക്കുള്ള കരാറിൽ 1886 ഒക്ടോബർ 11ന് അന്നത്തെ തിരുവിതാംകൂർ രാജകുടുംബം സമ്മതം മൂളിയത്. എന്നാൽ സമ്പൂർണ്ണ ജനാധിപത്യത്തിന്റെ കാലത്ത് അതിപ്രഗത്ഭർ നാടുവാണപ്പോഴാണ് 1970 മെയ് 29ന് ഈ കരാർ കേരളീയർക്കുമേൽ എന്നും തൂങ്ങിനിൽക്കുന്ന വാളായത്. 155 അടി ഉയരമുള്ള അണക്കെട്ടിനും അതിന്റെ മുകൾഭാഗത്തുള്ള 8000 ഏക്കറിനും (106 ഏക്കർ മറ്റു സൗകര്യങ്ങൾക്കും) വേണ്ടിയാണ് പാട്ടക്കരാർ. അണക്കെട്ടിലെ വെള്ളം തുരങ്കങ്ങളിലൂടെ തമിഴ്നാട്ടിലെ നാലഞ്ചു ജില്ലകളിലെത്തിച്ച് കൃഷി ചെയ്യുന്നു. ഇതിനിടയിൽ അവർ വൈദ്യുതിയുമുണ്ടാക്കുന്നു. തുച്ഛമായ ഒരു സംഖ്യ പാട്ടമായി നമുക്ക് കിട്ടുന്നു.

ഇപ്പോൾ പ്രശ്നം 1895ൽ പണിതീർത്ത സുർക്കിയും ചുണ്ണാമ്പും ചേർത്തുണ്ടാക്കിയ ആ അണക്കെട്ട് മുത്തശ്ശി എത്രകാലം അങ്ങനെ നിൽക്കും എന്നതാണ്. മുല്ലപ്പെരിയാർ തകർന്നാൽ അതിലെ വെള്ളവും അതു കുത്തിയൊലിച്ചു വരുമ്പോൾ കൂടെ കൊണ്ടുവരുന്ന ഖര വസ്തുക്കളും ഇടുക്കി അണക്കെട്ടിലെത്തും. അവിടെയെത്തുന്നതിനുമുമ്പുതന്നെ വണ്ടിപ്പെരിയാർ അടക്കം നാലു പഞ്ചായത്തുകൾ അപ്രത്യക്ഷമാകും. ഈ ആഘാതം താങ്ങാൻ ഇടുക്കി അണക്കെട്ടിനായില്ലെങ്കിൽ ദുരന്തം വളരെ വലുതാണ്. നാലു ജില്ലകളിലായി പെരിയാറിന്റെ കരയിൽ ജീവിക്കുന്ന കൊച്ചി നഗരവും നിരവധി പട്ടണങ്ങളും ഗ്രാമങ്ങളും ഇല്ലാതാകും. 35 ലക്ഷം മനുഷ്യ ജീവനാണ് തുലാസിൽ.

കേന്ദ്രജലകമ്മീഷന്റെ 'പഠന'ങ്ങൾ വച്ചുകൊണ്ട് 1979ൽ അണക്കെട്ടിന്റെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടെന്നും ജലനിരപ്പ് 136 അടിയാക്കി പരിമിതപ്പെടുത്തണമെന്നും തീരുമാനിച്ചതാണ്. തമിഴ്നാടിന് കിട്ടുന്ന ജലം കുറയുമെന്നതിനാൽ അവർ കോടതിയെ സമീപിച്ചു. ഏറെക്കാലത്തെ വാദം കേൾക്കലുകൾക്കു ശേഷം 2006 ഫെബ്രുവരിയിൽ ജലനിരപ്പ് 142 അടിയായി ഉയർത്താൻ കോടതി ഉത്തരവിട്ടു. ഇതോടെ അണക്കെട്ടിന്റെ സുരക്ഷാഭീഷണി കേരളത്തിൽ സജീവചർച്ചാവിഷയമായി. നാം പെട്ടെന്നൊരു ഡാം സുരക്ഷാകമ്മീഷൻ ഉണ്ടാക്കി. (അവരുടെ 'വൈദഗ്ദ്ധ്യം' രാഷ്ട്രീയ നേതൃത്വങ്ങളുടെ പാദസേവയിലായിരുന്നുവെന്നതു മറ്റൊരു പ്രശ്നം) അതും കോടതിയുടെ മുന്നിലാണ്. ഇനിയെന്ത് എന്നതാണു ചോദ്യം.

**തമിഴ്നാട്ടിൽ എക്കാലത്തും ജലം ഒരു രാഷ്ട്രീയ പ്രശ്നമാണ്. കേരളീയർക്ക് ഒരിക്കലുമതല്ല,** പ്ലാച്ചിമടയിലെ ആദിവാസികൾ ഓർമ്മിപ്പിച്ചതുവരെ. വളരെ ഹ്രസ്വദൃഷ്ടികളും സ്വാർത്ഥമതികളുമാണ് നമ്മുടെ ഭരണനേതൃത്വങ്ങൾ എക്കാലത്തും എന്നതു നമ്മുടെ ദുര്യോഗം. പ്രശ്നപരിഹാരം തേടുമ്പോൾ ചില അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് തുടങ്ങണം. ഇത്രയും പഴക്കമുള്ളതും സങ്കീർണവുമായ ഒരു പ്രശ്നത്തിന് അതിലളിത പരിഹാരം സാദ്ധ്യമാകില്ലായെന്നറിയണം. തമിഴ്നാടിന് വെള്ളം നിഷേധിക്കാനാവില്ല. ജനങ്ങളുടെ സുരക്ഷ സർവ്വ പ്രധാനമാണ്. ഇതെല്ലാം വച്ചുകൊണ്ട് നമ്മുടെ 'വിദഗ്ദ്ധർ' പെട്ടെന്നൊരു പരിഹാരം കണ്ടെത്തി മുല്ലപ്പെരിയാറിനു താഴെ (1500 അടിയെന്നൊക്കെ പറയുന്നു?) മറ്റൊരു അണക്കെട്ട് പുതുതായി നിർമ്മിക്കുക. പഴയത് ഇല്ലാതാക്കുക. സാധാരണ ജനങ്ങൾക്ക് പെട്ടെന്ന് ശരിയാണെന്നു തോന്നാവുന്ന ഒരു തീരുമാനം. നമ്മുടെയൊക്കെ വീടുകൾ തകർന്നേക്കാമെന്ന സ്ഥിതി വന്നാൽ നാം മറ്റൊരു വീടു വച്ചുമാറും. എന്നാൽ കേവലം ഒരു വീടു വച്ചുമാറുന്നതുപോലെ ലളിതമല്ല ഒരു അണക്കെട്ട് എന്ന കാര്യം വിദഗ്ദ്ധരും അധികൃതരും പറയില്ല. ജനങ്ങൾ അറിയുകയുമില്ല. മറ്റൊരണക്കെട്ട് ഒരു പരിഹാരമാകുമെങ്കിൽ അതു പരിശോധിക്കാം. പക്ഷെ ആ പരിശോധനകൾ – സാദ്ധ്യതകൾ – നടത്തിയിട്ടുണ്ടോ? മറ്റു സാദ്ധ്യതകൾ പരിശോധിച്ചുവോ?

മുല്ലപ്പെരിയാർ തകർന്നാൽ കേരളത്തിന് നാശമുണ്ടാകും എന്നതു ശരിതന്നെ. അതെത്രയെന്ന് പ്രവചിക്കാനാവില്ല. എന്നാൽ അങ്ങനെ സംഭവിച്ചാൽ കേരളത്തിന് ഒരു തവണയേ പ്രശ്നമുള്ളൂ. തമിഴ്നാടിന്റെ അവസ്ഥയോ? ഒരുപക്ഷെ നൂറ്റാണ്ടുകളോളം അവരുടെ അഞ്ചു ജില്ലകൾ മരുഭൂമിയാകും. അതുകൊണ്ടുതന്നെ പകരം ഡാം എന്നത് അവരുടെ ആവശ്യമായി വരേണ്ട കാര്യമാണ്. എന്നാൽ മാത്രമേ നമുക്ക് നമ്മുടെ 'വ്യവസ്ഥകൾ' മുന്നോട്ട് വെയ്ക്കാനാകൂ. പുതിയ ഡാം നമ്മുടെ ആവശ്യമായി വന്നാൽ അവർ വയ്ക്കുന്ന ഏതു വ്യവസ്ഥയും അംഗീകരിക്കാൻ നാം ബാദ്ധ്യസ്ഥരാകും.

ഇതിനേക്കാൾ വലിയ ദുരന്തം ഉണ്ടാകും. '35 ലക്ഷം ജനങ്ങളുടെ ജീവന് ഭീഷണി' എന്ന ഒറ്റ മുൾമുനയിൽ നിർത്തി അവർ പറയുന്ന വ്യവസ്ഥയിൽ ഇതു ചെയ്യാൻ അനുവദിക്കരുത്. 'ഭീഷണി' എത്രത്തോളമാണെന്ന വസ്തുത മൂന്നാംകക്ഷികളെ ബോദ്ധ്യപ്പെടുത്താൻ കേരളത്തിനു കഴിഞ്ഞിട്ടില്ലെന്നതാണ് ശരിയായ ദുരന്തം. **അണക്കെട്ടിന്റെ സുരക്ഷാ ഭീഷണി മാലോകരെ ബോദ്ധ്യപ്പെടുത്താൻ യോഗ്യതയുള്ളവരെ പഠിക്കാൻ ഏൽപ്പിക്കണം. 136 അടിയെന്നത് 142 ആയാലേ കുഴപ്പമുള്ളുവെന്ന തോന്നലാണ് പൊതുസമൂഹത്തിനുള്ളത്. അതെങ്ങനെ പറയാനാകും? 126 അടി വെള്ളം നിന്നാൽ അണക്കെട്ടിനൊരു കുഴപ്പവുമില്ലേ? ഇത്തരം സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി തേടാതെ, വെറുതെ 'സുരക്ഷാഭീഷണി'യെന്ന് അലമുറയിട്ടാലൊന്നും പ്രശ്നം തീരില്ല.** കാരണം നമ്മളേക്കാൾ സംഘടിതമായും ശബ്ദത്തിലും അലമുറയിടാനും അധികാരസോപാനങ്ങളിൽ സ്വാധീനം ചെലുത്താനും തമിഴ്നാടിന് കഴിയുന്നുണ്ട്.

**പുതിയ അണക്കെട്ട് നിർമ്മിക്കേണ്ടത് പെരിയാർ വന്യമൃഗ സങ്കേതത്തിലാണ്. അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പറഞ്ഞാൽ ഉടനെ '35 ലക്ഷം മനുഷ്യരുടെ ജീവനല്ലേ പ്രധാനം' എന്ന ചോദ്യം കൊണ്ട് വായടപ്പിക്കും. എഴുപതുകളിൽ സൈലന്റ് വാലി പ്രശ്നം വന്നപ്പോൾ 'സിംഹവാലൻ കുരങ്ങനേക്കാൾ പ്രധാനമല്ലേ മനുഷ്യന് വൈദ്യുതി' എന്ന ചോദ്യം പോലെ? അണകെട്ടാൻ തമിഴ് നാട് സമ്മതിച്ചാൽ തന്നെ അതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി കിട്ടാൻ പിന്നെയും കാലമെടുക്കും.** അതെല്ലാം കിട്ടി കരാർ നൽകി പണിയാരംഭിച്ചാൽ പഴയകാല അനുഭവം വച്ചാണെങ്കിൽ ചുരുങ്ങിയത് 20 വർഷമെങ്കിലുമെടുക്കും. ഇത്രയും കാലം തമിഴ്നാടിന് വെള്ളം നൽകാൻ ഇപ്പോഴത്തെ അണക്കെട്ട് നിലനിൽക്കണമല്ലോ. ആ കാലത്ത് ഒരടി വെള്ളം താഴ്ത്താൻ തമിഴ്നാട് സമ്മതിക്കില്ല. (കൂട്ടാൻ തന്നെ പറയും. അവർക്കല്ല നമുക്കാണ് അണക്കെട്ടാവശ്യം) ഇത് സമ്മതിച്ചാൽ അതിനെന്താണർത്ഥം? അത്രയും കാലം മുല്ലപ്പെരിയാർ അണക്കെട്ടിന് യാതൊരു തകരാറുമുണ്ടായില്ലെന്നുതന്നെ. ഇനി അതുണ്ടായാൽ, കേരളത്തിന്റെ നാശം കുറയുകയല്ല, കൂടുകയാണുണ്ടാകുക. പുതിയ അണ കെട്ടാൻ വേണ്ടി കൊണ്ടുവന്ന നിർമാണ വസ്തുക്കൾ കൂടി ഒഴുകിയൊലിച്ച് ഇടുക്കിയിലെത്തും.

കരാർ 999 വർഷത്തേക്കാണ്. പുതിയ ഡാം അത്ര കാലം നിലനിൽക്കുമെന്നു പറയാൻ ഒരു വിദഗ്ദ്ധനും കഴിയില്ല. ഇന്നുള്ള ഏറ്റവും നല്ല സാങ്കേതികവിദ്യ ഉപയോഗിച്ചാൽപോലും നൂറു കൊല്ലത്തിലധികം ആയുസ്സ് ഒരണക്കെട്ടിനുമില്ല. അതിനർത്ഥം നൂറുവർഷം തോറും പുതിയ അണക്കെട്ടുകൾ ഉണ്ടാക്കണമെന്നാണ്. വരും തലമുറകൾക്കുപോലും ഇതൊരു ബാദ്ധ്യതയാകുമെന്നു തീർച്ച. ഈ ചോദ്യങ്ങൾക്കെല്ലാം ഒരൊറ്റ മറു ചോദ്യം കൊണ്ട് മറുപടി പറയും, 'പിന്നെന്താണ് പ്രശ്ന പരിഹാരം?' രോഗം വന്ന ആൾക്ക് എന്തെങ്കിലും മരുന്ന് നൽകിയാൽ പോര. അതും സങ്കീർണമായ ഒരു രോഗത്തിനാകുമ്പോൾ, മരുന്ന് രോഗം മൂർച്ഛിപ്പിക്കില്ലെങ്കിലും ഉറപ്പാക്കണം. തമിഴ്നാടിനുമേൽ ശരിയായ രീതിയിൽ സമ്മർദ്ദം ചെലുത്താനാകണം. വിവാദങ്ങളിലൂടെ പരിഹരിക്കാനാവില്ല. **ഇപ്പോൾത്തന്നെ (ഭൂകമ്പസാദ്ധ്യതയുള്ള) ഇടുക്കി ജില്ലയിൽ ചെറുതും വലുതുമായ 12 അണക്കെട്ടുകളുണ്ട്. ഇനിയൊരു വലിയ അണക്കെട്ടു കൂടി വന്നാൽ എന്തു സംഭവിക്കുമെന്ന് തുറന്ന ചർച്ചക്കു വിഷമാക്കണം. തമിഴ്നാട്ടിലെ കർഷകർക്ക് വെള്ളം നൽകാൻ മറ്റെന്തെങ്കിലും മാർഗങ്ങളുണ്ടോ?** അവരുടെ ഭാഗത്ത് ചെറുതും വലുതുമായ സംഭരണികളുണ്ടാക്കാൻ കഴിയുമോ? ഇത്രയധികം വെള്ളം ആവശ്യമായി വരുന്ന അവരുടെ കൃഷി രീതി/ജലസേചന രീതി മാറ്റാനാകുമോ? ഇ,തെല്ലാമായിരിക്കണം ശരിയായ പ്രശ്ന പരിഹാരങ്ങൾ.

*'തണൽ', കൊച്ചി – 21*


അടുത്ത ലക്കം – 2007 ജനുവരി
പ്ലാച്ചിമട സമരം അഞ്ചാം വർഷത്തിലേയ്ക്ക്
– പ്രത്യേക പതിപ്പ് പ്രതീക്ഷിക്കുക –

## ഡോക്യുമെന്ററി സിനിമകൾ

**ആയിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) - പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (പ്ലാച്ചിമട / മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്.

സംവിധാനം–സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം : മണിലാൽ.

**പുഴ ജീവനുവേണ്ടി** (River for Life) സംവിധാനം : അമിതാബച്ചൻ, 34 മിനിട്ട്.

**പുഴയുടെ അവകാശികൾ** (River Dam Damn) സംവിധാനം : മണിലാൽ, 24 മിനിട്ട്.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്–മാതൃഭൂമി, 30 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ 21.
ഫോൺ : 9388872845, 9447674375